**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1630** **03-02-2026 - ൽ മറുപടിയ്ക്ക്**

**കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന്റെ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ മണ്ഡലത്തിൽ കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന്റെ കെട്ടിട നിർമ്മാണ പ്രവർത്തനത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി പുതിയ കെട്ടിടനിർമ്മാണത്തിനായി 73.41 ലക്ഷം രൂപ അനുവദിച്ചിരുന്നതും Kerala State construction Corporation-നെ നിർമ്മാണ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. കെട്ടിടനിർമ്മാണത്തിനായി അതിർത്തി നിർണ്ണയം പൂർത്തിയാക്കണമെന്ന് കെ എസ് സി സി ആവശ്യപ്പെട്ടതിൻപ്രകാരം താലൂക്ക് സർവ്വേയർ അതിരുകൾ അളന്ന് തിട്ടപ്പെടുത്തി കെ.എസ്.സി.സി. യ്ക്ക് കൈമാറിയിട്ടുണ്ട്. കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് സെറ്റ്ബാക്ക് ഉൾപ്പടെയുള്ള സാങ്കേതിക തടസങ്ങൾ പരിഹരിച്ച് ഭൂകമ്പ പ്രതിരോധ സ്ട്രക്ചർ ഉൾപ്പടെയുള്ള പുതിയ പ്ലാനിന് അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കെട്ടിട നിർമ്മാണ പ്രവൃത്തിക്ക് തടസ്സമായി നിൽക്കുന്ന നിലവിലെ സാഹചര്യം എന്തെന്ന് വിശദമാക്കാമോ; | (ബി) | താലൂക്ക് സർവ്വേയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ മിനിമം സെറ്റ്ബാക്ക് പ്രശ്നങ്ങൾ ഒഴിവാക്കിയുള്ള പുതിയ ഡിസൈൻ കെ.എസ്.സി.സി. യിൽ നിന്നും തയാറാക്കുകയും അതിന് കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിക്കുന്നതിലുള്ള താമസവുമാണ് നിലവിലെ തടസം. |
| (സി) | പ്രസ്തുത തടസ്സം മാറ്റുന്നതിന് രജിസ്ട്രേഷൻ വകുപ്പ് നടപ്പിലാക്കിയ നടപടികൾ എന്തെന്ന് വിശദീകരിക്കാമോ? | (സി) | പുതിയ പ്ലാൻ തയ്യാറാക്കേണ്ടത് Kerala State construction Corporation-ഉം, അതിന് അംഗീകാരം നൽകേണ്ടത് കിഫ്ബിയുമാണ്. നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി കെ.എസ്.സി.സി. അധികൃതരുമായി പുരോഗതി വിലയിരുത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ